On. 22/06/2020

10. 2. 20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1608*(7)/2013*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **10780** /*എസ്.ഐ.സി-ജി 6/13*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ചൂരക്കാട്ട് ബാലൻ,<br>S/o രാമൻ,<br>പുഞ്ചക്കാട്, പയ്യന്നൂർ പി.ഒ.,<br>കണ്ണൂർ ജില്ല. | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>അസി.എഞ്ചിനീയറുടെ കാര്യാലയം,<br>ഇലക്ട്രിക്കൽ സെക്ഷൻ,<br>പയ്യന്നൂർ.<br><br>2. അപ്പീൽ അധികാരി,<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>പയ്യന്നൂർ. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.04.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.05.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16.05.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 10.06.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 24.07.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 30.07.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

<u>ഉത്തരവ്</u>

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ചൂരക്കാട്ട് ബാലൻ, 24.07.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 30.07.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1608(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമമാണ്.

3. അപ്പീൽ ഹർജിക്കാരൻ 08.04.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കെ.എസ്.ഇ.ബി. പയ്യന്നൂർ ഡിവിഷണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന പുഞ്ചക്കാട് എന്ന സ്ഥലത്ത് 1962 കൺസ്യൂമർ നമ്പരായി കണക്ഷൻ നൽകിയ പോസ്റ്റോ അതിനു തൊട്ടടുത്ത പോസ്റ്റോ 08.03.2013ന് മാറ്റി സ്ഥാപിച്ചത് സംബന്ധിച്ച് 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 04.05.2013ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 10.06.2013ന് മറുപടി നൽകിയതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി നൽകിയിട്ടുണ്ടെന്നും ടിയാന്റെ പരാതി പിൻവലിച്ചതായി ഒരു കത്ത് മെയിൽ ചെയ്തിരുന്നുവെന്നും ഇപ്പോൾ പരാതി നിലവിലില്ല എന്നുമാണ്. എന്നാൽ ഹർജിക്കാരനു പരാതിയില്ല എന്ന് രേഖപ്പെടുത്തി സമർപ്പിച്ച കത്തിന്റെ പകർപ്പ് കമ്മീഷനിൽ അയച്ചു നൽകണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/